**ALL INDIA RADIO THIRUVANANTHAPURAM**

**ആകാശവാണി, തിരുവനന്തപുരം**

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 23.01.2025**

## പ്രധാനവാർത്തകൾ

1. **ഇന്ന് പരാക്രം ദിവസ്. സ്വാതന്ത്ര്യ സമ്പാദനത്തിനുള്ള നേതാജിയുടെ ദൃഢനിശ്ചയവും ആസാദ് ഹിന്ദ് ഫൗജിന്റെ നേതൃത്വവും തലമുറകളായി രാജ്യത്തെ ജനങ്ങൾക്ക് പ്രചോദനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**
2. **നിയമസഭയിൽ ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച ഇന്ന് അവസാനിക്കും. ബജറ്റ് അവതരണത്തിനായി സഭ വീണ്ടും അടുത്ത മാസം ഏഴിന് ചേരും.**
3. **ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് ലഹരിമരുന്ന് വേട്ട കർശനമാക്കുമെന്ന് മന്ത്രി വി.എൻ വാസവൻ.**
4. **ഇന്ത്യയുമായുള്ള ഉഭയകക്ഷി ബന്ധത്തിന് യു.എസ് മുൻഗണന നൽകുന്നുണ്ടെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.**
5. **കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ എട്ടാം പതിപ്പിന് ഇന്ന് കോഴിക്കോട് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
6. **രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളവും മധ്യപ്രദേശും തമ്മിലുള്ള മത്സരം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.**

====================================

RNU TVPM

**റിപ്പബ്ലിക് - ഫുൾ ഡ്രസ്സ് റിഹേഴ്സൽ**

റിപ്പബ്ലിക് ദിന പരേഡിന് മുന്നോടിയായുള്ള ഫുൾ ഡ്രസ്സ് റിഹേഴ്സൽ ഇന്ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ പുരോഗമിക്കുന്നു. രാവിലെ 10.30 ന് വിജയ് ചൗക്കിൽ നിന്ന് ആരംഭിച്ച് ചെങ്കോട്ട വരെയാണ് പരിശീലന പരേഡ്. രാജ്യത്തിന്റെ സൈനിക ശക്തി വിളിച്ചോതുന്ന ടി-90 ടാങ്ക്, നാഗ് മിസൈൽ സംവിധാനം തുടങ്ങിയവ പരേഡിൽ അണിനിരന്നു. ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ദേശീയ തലസ്ഥാനത്ത് വിപുലമായ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡൽഹി മെട്രോ റെയിൽ സർവീസുകൾ ലഭ്യമാണെന്നും ഡൽഹി പോലീസ് അറിയിച്ചു.

========================================

**നേതാജി- 'പരാക്രം ദിവസ്' – (ഇൻട്രോ)**

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മവാർഷിക ദിനം ഇന്ന്. **'പരാക്രം ദിവസ്'** ആയാണ് രാഷ്ട്രം അദ്ദേഹത്തിന്റെ ജന്മവാർഷിക ദിനം ആചരിക്കുന്നത്. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖർ സുഭാഷ് ചന്ദ്രബോസിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സ്വാതന്ത്ര്യ സമ്പാദനത്തിനുള്ള നേതാജിയുടെ ദൃഢനിശ്ചയവും ആസാദ് ഹിന്ദ് ഫൗജിന്റെ നേതൃത്വവും തലമുറകളായി ഇന്ത്യക്കാരെ പ്രചോദിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു. നേതാജിയുടെ ആഹ്വാനം കോടിക്കണക്കിന് ഇന്ത്യക്കാരെ സ്വാതന്ത്ര്യസമരത്തിൽ പങ്കുചേരാൻ പ്രേരിപ്പിച്ചുവെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി. സ്വാതന്ത്ര്യസമരത്തിന് നേതാജി സുഭാഷ് ചന്ദ്രബോസ് നൽകിയ സംഭാവനകൾ അതുല്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

സുഭാഷ് ചന്ദ്ര ബോസിന്റെ ജീവിതത്തെ കുറിച്ച് കൂടുതൽ പഠിക്കാനും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാഷ്ട്ര നിർമാണത്തിനായി സംഭാവന നൽകാനും രാജ്യത്തെ യുവാക്കളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

RNU TVPM

(പി.എം ബൈറ്റ്..........)

===================================

**നിയമസഭ-പ്രതിപക്ഷ വാക്ക് ഔട്ട്**

കാട്ടാന ആക്രമണത്തിൽ നിലമ്പൂർ ഉച്ചക്കുളം ഊരിലെ സരോജനി മരണമടഞ്ഞത് ഉൾപ്പെടെയുള്ള സംഭവങ്ങൾ സഭ നിർത്തി വച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നും കാട്ടാന ആക്രമണത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം ഉറപ്പാക്കുമെന്നും മന്ത്രി എ.കെ ശശീന്ദ്രൻ വ്യക്തമാക്കി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. അതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്.

===================================

PRD TVPM

**മുഖ്യമന്ത്രി നിയമസഭ – (ഇൻട്രോ)**

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടൗൺഷിപ്പിന് ഭൂമി വിലയ്ക്ക് വാങ്ങുമെന്നും ഭാവിയിൽ ഒരു നിലകൂടി നിർമിക്കാൻ കഴിയുന്ന രീതിയിലാണ് വീടുകൾ നിർമിക്കുകയെന്നും നിയമസഭയിലെ ചോദ്യോത്തര വേളയിൽ അദ്ദേഹം പറഞ്ഞു.

**(ബൈറ്റ്....................)**

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് 712 കോടി രൂപ ഇതുവരെ ദുരിതാശ്വാസ നിധിയിൽ ലഭിച്ചു. വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിന് ബാങ്ക് അക്കൗണ്ട് തുറക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരെ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിപ്പാർപ്പിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

=====================================

**നിയമസഭ -എക്സൈസ്**

സംസ്ഥാനത്ത് ലഹരി മരുന്ന് വേട്ട കർശനമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണെന്ന് മന്ത്രി വി.എൻ വാസവൻ. ലഹരി ഉപയോഗത്തിനെതിരെ വിമുക്തി മിഷന്റെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി പുരോഗമിക്കുന്നുണ്ടെന്നും മന്ത്രി നിയമസഭയിൽ അറിയിച്ചു. ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് മദ്യവും ലഹരിമരുന്നും കടത്തുന്നത് തടയാൻ നാല് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസിന്റെ ഡിജിറ്റൽ സെൽ കാര്യക്ഷമമാക്കാൻ ഡിജിറ്റൽ സർവകലാശാല വഴി പരിശീലനം നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

=====================================

**നിയമസഭ - വി ശിവൻകുട്ടി**

സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രൈമറി തലം മുതൽ നീന്തൽ പഠിപ്പിക്കുന്നത് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സർക്കാർ പരിഗണിക്കുന്നുണ്ടെന്ന് മന്ത്രി വി.ശിവൻകുട്ടി നിയമസഭയിൽ പറഞ്ഞു. വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഇത് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. കുട്ടികളുടെ സമഗ്രമായ വികാസമാണ് പ്രധാന പരിഗണനയെന്നും അദ്ദേഹം പറഞ്ഞു.

=====================================

**നിയമസഭ – ആദ്യഘട്ടം**

നിയമസഭയിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച ഇന്ന് അവസാനിക്കുന്നതോടെ സമ്മേളനത്തിന്റെ ആദ്യഘട്ടം ഇന്ന് പൂർത്തിയാകും. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിനായി അടുത്ത മാസം ഏഴിന് സഭ വീണ്ടും ചേരും.

=====================================

RIUTVPM

**മഹാരാഷ്ട്ര ട്രെയിൻ അപകടം**

മഹാരാഷ്ട്രയിലെ ജൽഗാവ് ജില്ലയിൽ പരന്ത റെയിൽവേ സ്റ്റേഷന് സമീപം കർണാടക എക്സ്പ്രസ് ഇടിച്ച് 13 പേർ മരിച്ചു. 14 പേർക്ക് പരിക്കേറ്റു. പുഷ്പക് എക്സ്പ്രസിലെ യാത്രക്കാർ തീവണ്ടിയുടെ ചക്രങ്ങളിൽ നിന്ന് പുക ഉയർന്നതിനെത്തുടർന്ന് തീപിടുത്തമുണ്ടാകുമെന്ന് ഭയന്ന് രക്ഷപ്പെടാനായി ട്രാക്കിലേക്ക് ചാടിയതാണ് ദുരന്തത്തിന് വഴിയൊരുക്കിയത്. മൃതദേഹങ്ങൾ ജൽഗാവ് ആശുപത്രിയിലും സർക്കാർ മെഡിക്കൽ കോളേജിലുമായി എത്തിച്ചു. അഞ്ച് പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പ്രധാനമന്ത്രി നരേന്ദ്രമോദി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫട്നാവിസ് തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ **5 ലക്ഷം** രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവരുടെ ചികിത്സാ ചിലവും സർക്കാർ വഹിക്കുമെന്ന് ദേവേന്ദ്ര ഫഡ്നാവിസ് അറിയിച്ചു.

=====================================

**എസ് ജയ്ശങ്കർ**

ഇന്ത്യയുമായുള്ള ഉഭയകക്ഷി ബന്ധത്തിന് യു.എസ് മുൻഗണന നൽകുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഡോണാൾഡ് ട്രംപ് പ്രസിഡന്റായി അധികാരമേൽക്കുന്ന ചടങ്ങിൽ ഇന്ത്യ പങ്കെടുക്കണമെന്ന് യു.എസ് ഭരണകൂടത്തിന് താല്പര്യം ഉണ്ടായിരുന്നെന്നും ജയ്ശങ്കർ മാധ്യമങ്ങളോട് പറഞ്ഞു.

=====================================

## ഇപിഎഫ്

കഴിഞ്ഞ വർഷം നവംബറിൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ, ഇപിഎഫ്ഒ യിൽ ചേർന്നത് 14 ലക്ഷത്തി 63,000 അംഗങ്ങൾ. ഇതോടെ ആകെ അംഗങ്ങളുടെ എണ്ണത്തിൽ 2024 ഒക്ടോബറിനേക്കാൾ 9.07 ശതമാനം വർദ്ധനയുണ്ടായി. വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ, ഇപിഎഫ്ഒയുടെ

RNU TVPM

വിജയകരമായ ജനസമ്പർക്ക പരിപാടികൾ എന്നിവയാണ് കുതിപ്പിന് കാരണമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു.

========================================

**മന്ത്രിസഭായോഗം അനുമതി**

ദേശീയ ആരോഗ്യ ദൗത്യം മുൻ തീരുമാനപ്രകാരം
രണ്ട് വർഷം കൂടി തുടരാൻ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗത്തിന്റെ അനുമതി. ആരോഗ്യരംഗത്ത് മികച്ച പുരോഗതിയുണ്ടാക്കാൻ ദേശീയ ആരോഗ്യദൗത്യത്തിന് കഴിഞ്ഞ വർഷങ്ങളിൽ സാധിച്ചതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു.

========================================

**ദാവോസ് -രാജീവ്**

വ്യവസായമന്ത്രി പി രാജീവ് ഭാരത് ബയോടെക്ക് എക്സിക്യുട്ടീവ് ഡയറക്ടർ സായ് പ്രസാദുമായി ദാവോസിൽ വച്ച് കൂടിക്കാഴ്ച്ച നടത്തി. ഭാരത് ബയോടെക്ക് കേരളത്തിലാരംഭിച്ച പുതിയ യൂണിറ്റിനെക്കുറിച്ചും കൂടുതൽ നിക്ഷേപം നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തു. കേരളത്തിൽ മരുന്ന് നിർമ്മാണ മേഖലയ്ക്ക് വലിയ സാധ്യതകളാണുള്ളതെന്ന് മന്ത്രി വ്യക്തമാക്കി.

RNU TVPM

========================================

**കോഴിക്കോട്, ലിറ്ററേച്ചർ - (ഇൻട്രോ)**

കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ എട്ടാം പതിപ്പിന് ഇന്ന് കോഴിക്കോട്ട് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

**(വോയിസ്................)**

========================================

**മുഖ്യമന്ത്രി – കോടതി സമുച്ചയം**

തലശ്ശേരിയിലെ ജില്ലാ കോടതി സമുച്ചയം ശനിയാഴ്ച രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പത്തോളം കോടതികളുടെ പ്രവർത്തനോദ്ഘാടനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാറും നിർവഹിക്കും.

==========================================

**രഞ്ജി ട്രോഫി**

രഞ്ജി ട്രോഫി ക്രിക്കറ്റിൽ മധ്യപ്രദേശിനെതിരെ ടോസ് നേടിയ കേരളം ഫീൽഡിംഗ് തെരഞ്ഞെടുത്തു. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഒടുവിൽ വിവരം ലഭിക്കുമ്പോൾ മധ്യപ്രദേശ് 6 വിക്കറ്റ് നഷ്ടത്തിൽ 85 റൺസെടുത്തിട്ടുണ്ട്.

==========================================

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ്.സി ജംഷഡ്പൂർ എഫ്.സി യെ നേരിടും. ഹൈദരാബാദിലെ ജി.എം.സി ബാലയോഗി അത് ല്റ്റിക് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഒഡീഷ 3-2 ന് ബംഗളുരുവിലെ പരാജയപ്പെടുത്തിയിരുന്നു.

==========================================

**ഖേലോ ഇന്ത്യ**

ലഡാക്കിൽ ഖേലോ ഇന്ത്യ വിന്റർ ഗെയിംസോടെ ഈ വർഷത്തെ ഖേലോ ഇന്ത്യ സീസണ് ഇന്ന് തുടക്കമാകും. ലഹോണിലെ നവാംങ് ദോർജെ സ്പോർട്സ് കോംപ്ലക്സിൽ കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ അഞ്ച് ദിവസത്തെ വിന്റർ ഗെയിംസ് ഉദ്ഘാടനം ചെയ്യും.

==========================================

RNU TVPM

**ബാഡ്മിന്റൺ**

ഇന്തോനേഷ്യ മാസ്റ്റേഴ്സ് സൂപ്പർ 500 ബാഡ്മിന്റൺ ടൂർണമെന്റിന്റെ, പുരുഷ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്ന്  ജപ്പാന്റെ കെന്റ നിഷിമോട്ടോയെ നേരിടും.

=====================================

**മഹാകുംഭമേള**

പ്രയാഗ്‌രാജിലെ മഹാകുംഭമേളയിൽ പങ്കെടുക്കുന്ന തീർത്ഥാടകർക്ക് അവശ്യ സൗകര്യങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ എ.ഐ അധിഷ്ഠിത ചാറ്റ്ബോട്ട് സംവിധാനം ഒരുക്കുന്നു. തീർഥാടകർക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പാർക്കിംഗ് സ്ഥലങ്ങൾ, ഫുഡ് കോർട്ടുകൾ, ആശുപത്രികൾ എന്നിവയെക്കുറിച്ചുള്ള കൃത്യമായ വിശദാംശങ്ങൾ ചാറ്റ്ബോട്ട് നൽകും. തീർത്ഥാടനം സുഗമമാക്കാൻ ഇതിലൂടെ സാധിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

RNU TVPM

=====================================

**ഓഹരി+ സ്വർണ്ണം**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 200 പോയിന്റ് ഉയർന്ന് 76,606-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 77 പോയിന്റ് ഉയർന്ന് 23,232-ലും വ്യാപാരം തുടരുന്നു.  സ്വർണ്ണവിലയിൽ മാറ്റമില്ല.

=====================================

**റേഷൻ വ്യാപാരികൾ**

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ ഈ മാസം 27-ന് ആരംഭിക്കാനിരിക്കുന്ന പണിമുടക്കിൽ നിന്ന് പിന്മാറണമെന്ന് മന്ത്രി GR അനിൽ. റേഷൻ വ്യാപാരികളുടെ ആവശ്യങ്ങളിൽ ധനമന്ത്രിയുടെ കൂടി സമയം കണ്ടെത്തി വീണ്ടും ചർച്ചയ്ക്ക് തയ്യാറാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

==========================================

**മലബാർ കാൻസർ സെന്റർ**

തലശ്ശേരി മലബാർ കാൻസർ സെന്റർ പി ജി ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ട്രീറ്റ്മെൻറ് ആൻഡ് അക്കാദമിക് ബ്ലോക്ക് ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

==========================================

==========================================

==========================================

RNU TVPM